# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1655 12.06.2019 ൽ മറുപടിയ്ക്ക്

## മുനിസിപ്പൽ കോമൺസർവ്വീസ് സീനിയോറിറ്റി

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

ഉത്തരം
എ.സി മൊയ്തീൻ
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 1990-ന് ശേഷം പി.എസ്.സി -റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാതിരുന്ന കാലഘട്ടത്തിൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ പ്രകാരമുള്ള അനുപാതം പാലിക്കാതെ എൽ.ഡി.സി/ബി.സി തസ്തിക യിൽ നിയമനങ്ങൾ നടത്തുകയും സ്ഥിരപ്പെടുത്തിയിട്ടുള്ളതും ആയതിനെതുടർന്ന് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച എൽ.ഡി.സി/ബി.സി മാർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം സമയ ബന്ധിതമായി ലഭ്യമാകാത്തതും ഈ ജീവനക്കാർ ഗ്രഡേഷൻ ലിസ്റ്റിൽ പിന്തള്ളപ്പെട്ടുപോയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | തെറ്റായ മാനദണ്ഡപ്രകാരം ഇത്തരത്തിൽ ആശ്രിത നിയമനം നടത്തി സ്ഥിരപ്പെടുത്തിയതിന് ഉത്തരവാദികളാരെല്ലാമെന്നും അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; നിലവിൽ നഗരകാര്യ വകുപ്പിൽ ആശ്രിത നിയമനം നടക്കുന്നത് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണോ; | (ബി) | 25.04.1999 തീയതിയിലെ സ.ഉ(പി)നം. 12/99/പി&എആർഡി ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിൽ 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനത്തിനായി നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30,31,32 പ്രകാരം, നിയമനം സാധ്യമാകാതെ വന്നാൽ പൊതുഭരണ(സി.ഇ.സെൽ) വകുപ്പിന് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കും. മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനത്തിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിൽ ഈ 5 ശതമാനം ഒഴിവുകൾ എന്ന വ്യവസ്ഥ ബാധകമാക്കിയിട്ടില്ലാത്തതിനാലും, മുനിസിപ്പൽ കോമൺ സർവ്വീസ് സർക്കാർ സർവ്വീസിന്റെ ഭാഗമല്ലാത്തതിനാലും, മുനിസിപ്പൽ കോമൺ സർവ്വീസിലുള്ളവരുടെ ആശ്രിതർക്ക് മറ്റ് സർക്കാർ വകുപ്പുകളിൽ നിയമനം നൽകുന്നതിലേക്കായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ല. |
| (സി) | ആശ്രിതനിയമനവുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെയും നഗരകാര്യഡയറക്ടർക്കെതിരെയും ഉത്തരവ് പുറപ്പെടുവിച്ചതുൾപ്പെടെ എത്ര കേസുകൾ ഉണ്ട്; ആയവയിൽ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണം ലഭ്യമാക്കുമോ; | (സി) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ശ്രീ ഷിബു അഹമ്മദ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1649/15 മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ഡി) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ഓരോ സ്റ്റേജിലും പ്രൊമോഷന് മാനദണ്ഡമാക്കിയിരിക്കുന്ന വ്യവസ്ഥകൾ തൊട്ടുമുമ്പ് പ്രൊമോഷൻ ലഭിച്ചതിന്മേലുള്ള സീനിയോരിറ്റി അനുസരിച്ചാണോ; അതോ എൻട്രികേഡറിലെ സീനിയോരിറ്റി അനുസരിച്ചാണോ; മറിച്ച് ഏതെങ്കിലും സീനിയോരിറ്റി പാലിക്കുന്നുവെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവ്, വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കാമോ; | (ഡി) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ഓരോ തസ്തികയിലും പ്രൊമോഷന് അനുബന്ധമാക്കിയിരിക്കുന്ന വ്യവസ്ഥകൾ തൊട്ടു മുമ്പ് പ്രൊമോഷൻ ലഭിച്ചതിന്മേലുള്ള സീനിയോരിറ്റി അനുസരിച്ചാണ്. |
| (ഇ) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകുന്നത് ബന്ധപ്പെട്ട ജീവനക്കാരൻ/ജീവനക്കാരി എൽ.ഡി.സി ആയി സർവ്വീസിൽ കയറിയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണോ അതോ ടിയാൾ യു.ഡി.സി ആയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണോ; | (ഇ) | യു.ഡി.സി ആയതു മുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകുന്നത്. |
| (എഫ്) | യു.ഡി.സി ആയതുമുതലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കിയാണെങ്കിൽ മുൻകാലങ്ങളിൽ ഇരുപത്തിമൂന്നോളം പേർക്ക് എൻട്രി കേഡർ വച്ച് പ്രൊമോഷൻ നൽകിയതിന്മേൽ എന്ത് നടപടി സ്വീകരിക്കും; | (എഫ്) | എൻട്രി കേഡറിലെ സീനിയോരിറ്റി അടിസ്ഥാനമാക്കി ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തിക മുതൽ ഉയർന്ന തസ്തികയിലേക്ക് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ലാത്ത താണ്. എന്നാൽ യു.ഡി.സി തസ്തിക യിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട എല്ലാ യോഗ്യതകളും ഉണ്ടായിട്ടും യഥാസമയം ഉദ്യോഗക്കയറ്റം ലഭിക്കാതിരുന്ന ചില ജീവനക്കാർക്ക് അവരുടെ അപേക്ഷയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ യു.ഡി.സി തസ്തികയിലെ ഉദ്യോഗക്കയറ്റം ലഭിച്ച തീയതി പുന:ക്രമീകരിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതുമാണ്. |
| (ജി) | കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ യു.ഡി.സി മാരുടെ 01.07.2013-ലെ ഗ്രഡേഷൻ ലിസ്റ്റിൽ നിന്നും സീനിയോരിറ്റി മറികടന്ന് എത്രപേർക്ക് പുതുതായി 28.02.2019 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; മേൽ സീനിയോരിറ്റി മറികടന്നതിന് ആസ്പദമായ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ? | (ജി) | സീനിയോരിറ്റി മറികടന്ന് ആർക്കും നിയമനം നൽകിയിട്ടില്ല. സീനിയോരിറ്റി സംബന്ധിച്ച് സർക്കാർ ഉത്തരവിന്റേയും കോടതി വിധികളുടേയും ജീവനക്കാരുടെ അപേക്ഷ പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ഏകദേശം 23 ജീവനക്കാർക്ക് അവരുടെ അർഹതയുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനർ നിർണ്ണയിച്ച് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**